# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4669 26.10.2016-ലെ മറുപടി

### മഞ്ചേരി കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പു മന്ത്രി) | |
| എ | ഇരിമ്പിളിയം - വളാഞ്ചേരി - മഞ്ചേരി കടിവെള്ള പദ്ധതിയെ സംബന്ധിച്ച് ഇപ്പോൾ വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഫയലുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | എ | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ടാങ്ക് പരിസരം ചുറ്റു മതിൽ കെട്ടി സംരക്ഷിക്കാൻ ഉള്ള പ്രവർത്തിയുടെ ഫയൽ, ഇരിമ്പിളിയം-വളാഞ്ചേരി ഉൾപ്പെടെ കോട്ടയ്ക്കൽ മണ്ഡലത്തിലെ വിവിധ പ്രവർത്തികളുമായി ബന്ധപ്പെട്ട് ലഭിച്ച ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫയൽ എന്നിവയാണ് വാട്ടർ അതോറിറ്റിയിൽ നിലവിലുള്ളത്. പ്രസ്തുത ഫയലുകളിൽ നടപടി സ്വീകരിച്ചു വരുന്നു. |
| ബി | മഞ്ചേരി പദ്ധതിക്ക് ചുറ്റുമതിൽ കെട്ടുവാനും ഗേറ്റ് സ്ഥാപിക്കുവാനും 15 ലക്ഷം രൂപ അനുവദിച്ചത് ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | ബി | ഇരിമ്പിളിയം - വളാഞ്ചേരി പദ്ധതിയുടെ ടാങ്ക് പരിസരം (മഞ്ചേരി) ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാനായി 2014 സെപ്റ്റംബർ മാസത്തിൽ 15 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകുകയുണ്ടായി. എന്നാൽ ഡി.എസ്.ആർ പ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നതിനാൽ പ്രവർത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സാമ്പത്തികാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ജല അതോറിറ്റിയിൽ പരിഗണനയിലാണ്. |
| സി | റിനവേഷൻ ഓഫ് സിവിൽ ഹെഡ് (69) അനുസരിച്ച് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ ഉടൻ നടപ്പിലാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ? | സി | പ്രവർത്തികൾക്കുള്ള സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ